# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആരോഗ്യവകുപ്പ് –ഡോ.അനില കെ കല്ലിയത്ത്, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.കാരണം കാണിക്കൽ നോട്ടീസ് നം DHS/18409/2025-EA3 Dated :09.10.2025

2.ഡോ.അനില കെ കല്ലിയത്ത് സമർപ്പിച്ച അപേക്ഷ തീയതി:22.10.2025

## ഉത്തരവ് നം.DHS/18903/2025-EA3തീയതി.09-08-2026

ഡോ.അനില കെ കല്ലിയത്ത്, അസിസ്റ്റന്റ് സർജൻ 14.12.2023 ന് ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച വ്യക്തിയാണ്. തുടർന്ന് പിജി പഠനം പൂർത്തിയാക്കുന്നതിനായി സേവനത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നു. പിജി ഉപരിപഠനത്തിനുശേഷം കോട്ടയം ഈരാറ്റുപേട്ട കുടുംബാരോഗ്യകേന്ദ്രത്തിൽ EA2-8481/2025/DHS Dated:02.04.2025 ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമനം ലഭിച്ച ഡോ.അനില കെ കല്ലിയത്ത് സേവനത്തിൽ പ്രവേശിച്ചിട്ടില്ല. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം നോട്ടീസ് നൽകി.

(2) പ്രസ്തുത നോട്ടീസിന് പരാമർശം (2) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. പിജി പഠനത്തിനുശേഷം സേവനത്തിൽ തിരികെ പ്രവേശിക്കുന്നതിനായുള്ള നിയമന ഉത്തരവ് ലഭിച്ചിട്ടില്ലായെന്നും, അതിനാലാണ് സേവനത്തിൽ തിരികെ പ്രവേശിക്കാതെയിരുന്നത് എന്നും മറുപടിയിൽ അറിയിച്ചിരിക്കുന്നു. എന്നാൽ ടിയാളുടെ നിയമന ഉത്തരവ് 02.04.2025 തീയതിയിൽ (Order No.EA2-8481/2025/DHS Dated:02.04.2025) ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിനാൽ കാരണം കാണിക്കൽ നോട്ടീസിനു ടിയാൾ നൽകിയ മറുപടി തൃപ്തികരമല്ല.

(3) ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതുജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

(4) ടി സാഹചര്യത്തിൽ 26.04.2025 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.അനില കെ കല്ലിയത്ത്, അസിസ്റ്റന്റ് സർജന്റെ വർക്ക് ആൻ്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന്

വിലയിരുത്തുന്നു.

(5) ആയതിനാൽ 1958-ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ.അനില കെ കല്ലിയത്ത്, അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Meenakshy V
Date: 09-08-2026
15:33:53

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

Dr.Anila K Kalliyath
Kalliyathparambil House
Green Valley Colony
Rubber Board P.O
Kottayam
PIN:686009

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോട്ടയം

3.മെഡിക്കൽ ഓഫീസർ സാമൂഹികാരോഗ്യകേന്ദ്രം, ഈരാറ്റുപേട്ട, കോട്ടയം

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ